## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** **06-12-2022 - ൽ മറുപടിയ്ക്ക്**

## ഡി.എ. അരിയറും പെൻഷൻ റിവിഷൻ അരിയറും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് നൽകേണ്ട ഡി.എ. അരിയർ, പെൻഷൻ റിവിഷൻ അരിയർ എന്നിവ എന്ന് നൽകാനാകും എന്നറിയിക്കാമോ; | (എ) | **സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ കൊടുത്തു തീർക്കുവാനുള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.** |
| (ബി) | കോവിഡ് മാറിയ പശ്ചാത്തലത്തിൽ പെൻഷൻകാർക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | **സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ കൊടുത്തു തീർക്കുവാനുള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.** |
| (സി) | ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് നൽകേണ്ട അരിയർ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അരിയർ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | **10.02.2021-ലെ സ.ഉ.(അ) നം.27/2021/ധന. ശമ്പളപരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 43-ൽ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി വന്നിട്ടുള്ള കുടിശ്ശിക 25% വീതം 4 ഗഡുക്കളായി 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ അടവാക്കുമെന്നാണ് സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ